**"ഭരണഭാഷ – മാതൃഭാഷ"**

**കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ ഫിനാൻസ് ഓഫീസറുടെ നടപടിക്രമം**

കോളേജ് വിദ്യാഭ്യാസ വകുപ്പ് - വകുപ്പ് തല ആഡിറ്റ് റിപ്പോർട്ടിന്റെ കുടിശ്ശിക ഫയലുകൾ - 2013 ഫെബ്രുവരി - അദാലത്ത് - ഉത്തരവാകുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**നമ്പർ.ആഡിറ്റ് വി1/105821/2012/കോ.വി.വ. തീയതി: 15/01/2013.**

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:- 22-11-2012 ലെ ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ സർക്കുലർ.

**ഉത്തരവ്**

പരാമർശം സർക്കുലർ പ്രകാരം ഈ വകുപ്പിന് കീഴിലുള്ള താഴെപ്പറയുന്ന സർക്കാർ സ്ഥാപനങ്ങളിൽ കുടിശ്ശികയുള്ള വകുപ്പ് തല ആഡിറ്റ് റിപ്പോർട്ട് ഫയലുകൾ തീർപ്പാക്കുന്നതിനായി 2013 ഫെബ്രുവരി മാസത്തിൽ അദാലത്ത് നടത്തുന്നതിന് ആഡിറ്റ് വിഭാഗത്തിൽ നിലവിലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അദാലത്ത് തീയതി |
|---|---|---|
| 1 | സർക്കാർ കോളേജ്, മഞ്ചേശ്വരം | 21/02/13 |
| 2 | സർക്കാർ കോളേജ്, ചിറ്റൂർ. | 22/02/13 |
| 3 | സർക്കാർ ടീച്ചർ എഡ്യൂക്കേഷൻ കോളേജ്, തിരുവനന്തപുരം. | 23/02/13 |
| 4 | സർക്കാർ വിക്ടോറിയ കോളേജ്, പാലക്കാട്. | 27/02/13 |
| 5 | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം. | 28/02/13 |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ സൂപ്പർവൈസറി ഓഫീസറും ബന്ധപ്പെട്ട ക്ലാർക്കും ( ക്ലാസ് 4 ജീവനക്കാരുടെ സേവനം ആവശ്യമെങ്കിൽ പ്രയോജനപ്പെടുത്താവുന്നതാണ്) വകുപ്പ് തല ആഡിറ്റ് റിപ്പോർട്ട് ഫയലുകളിൽ തീർപ്പാകാതെയുള്ള തടസ്സവാദങ്ങൾക്ക് മതിയായ മറുപടി തയ്യാറാക്കി ആവശ്യമായ പ്രമാണങ്ങളും, രേഖകളും സഹിതം ഫയലുകൾ തിരുവനന്തപുരം സംസ്കൃത കോളേജ് വളപ്പിലുള്ള കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ അനക്സിൽ മേൽപ്പറഞ്ഞ തീയതികളിൽ ഹാജരാക്കേണ്ടതാണ്.

ഇങ്ങനെ നിയോഗിക്കപ്പെടുന്ന മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ നിയമപ്രകാരമുള്ള യാത്രാബത്തയ്ക്ക് അർഹരാണ്.

ഒപ്പ്
എഫ്. മുഹമ്മദ് റാഫി
സീനിയർ ഫിനാൻസ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി
അംഗീകാരത്തോടെ

സൂപ്രണ്ട്

പകർപ്പുകൾ:-

1. ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക്
2. ഡയറക്ടറുടെ സി.എ.
3. സീ. ഏ.ഒ. യുടെ സി.എ.
4. സീ. എഫ്.ഒ. യുടെ സി.എ.
5. സീനിയർ ഏ.ഏ.
6. എസ്.ഒ.എസ്.
7. ഏ.ഒ. (ആഡിറ്റ്)
8. ആഡിറ്റ് വിഭാഗം ഉദ്യോഗസ്ഥർക്ക്
9. കരുതൽ ഫയൽ

ആർകെജെ-15/1/13